**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **06-10-2021 - ൽ മറുപടിയ്ക്ക്**

**റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റോഡരികിൽ അപകടകരമായും കാഴ്ചമറച്ചും നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിയ്ക്കുന്നത് അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ്. എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ രണ്ട് പ്രാവശ്യം ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തൊട്ട്മുകളിലെ ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്. വനം വകുപ്പിൽ ഇപ്പോൾ ചെയ്ത് വരുന്നത് ഇപ്രകാരമാണ്. |
| (ബി) | അത്തരം മരം മുറിക്കുന്നതിന് അനുമതി നൽകുന്നത് ഏത് സമിതിയാണ് എന്നും ആ സമിതിയിൽ ആരൊക്കെയാണ് അംഗമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ സർക്കാർ സ്ഥലങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് സ.ഉ.(സാധാ) 68/2010/വനം തീയതി 10.02.2010 പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. 11.07.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥൻമാർ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുൻപാകെ അപേക്ഷ സമർപ്പിച്ച് തുടർന്നുള്ള അനുമതിയോടുകൂടി (സി.ആർ.പി.സി.133 പ്രകാരം) ഉടൻ മുറിച്ചു മാറ്റാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപേക്ഷകൾ പരിശോധിക്കുന്ന വേളയിൽ മരത്തിന്റെ പഴക്കവും അപകടസാധ്യതയും കണക്കാക്കുമ്പോൾ റോഡിന്റെ അലൈൻമെൻറിൽ കാഴ്ച മറയ്ക്കുന്ന തരത്തിലാണോ പ്രസ്തുത മരം നിൽക്കുന്നതെന്ന് എന്നുകൂടി പരിശോധിക്കാൻ സാങ്കേതിക അറിവുള്ള ഗതാഗത വകുപ്പിന്റെയോ പൊതുമരാമത്ത് വകുപ്പിന്റെയോ നാറ്റ്പാക്കിന്റെയോ പ്രതിനിധികൾ പ്രസ്തുത സമിതിയിൽ ഉണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | അപേക്ഷകൾ പരിശോധിക്കുന്ന വേളയിൽ മരത്തിന്റെ പഴക്കവും അപകടസാധ്യതയും കണക്കാക്കുമ്പോൾ റോഡിന്റെ അലൈൻമെൻറിൽ കാഴ്ചമറയ്ക്കുന്ന തരത്തിലാണോ പ്രസ്തുത മരം നിൽക്കുന്നതെന്ന് എന്നുകൂടി പരിശോധിക്കാൻ സാങ്കേതിക അറിവുള്ള ഗതാഗത വകുപ്പിന്റെയോ പൊതുമരാമത്ത് വകുപ്പിന്റെയോ നാറ്റ്പാക്കിന്റെയോ പ്രതിനിധികൾ നിലവിലുള്ള പരിസ്ഥിതി കമ്മിറ്റിയിൽ ഇല്ല. ഇത്തരത്തിൽ പ്രസ്തുത പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുവാൻ നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത മരങ്ങൾ റോഡിലേക്ക് പതിക്കുന്നതുമൂലമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നില്ല. |
| (ഇ) | സ്വകാര്യവ്യക്തികളുടെ പറമ്പിൽ നിൽക്കുന്ന മരം വീണ് കേട്ടുപാടുകൾ സംഭവിച്ചാൽ അയൽവാസിക്ക് നഷ്ടപരിഹാരത്തിന് അർഹതയുള്ള സാഹചര്യത്തിൽ പൊതുനിരത്തിലുള്ള മരങ്ങൾ മൂലം അപകടമുണ്ടാകുന്ന വേളയിലും നഷ്ടപരിഹാരത്തിന് അർഹത നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | പൊതുനിരത്തിലുള്ള മരങ്ങൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് നിലവിൽ വനം വന്യജീവി വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ